**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ആസ്തിവികസന ഫണ്ട് പദ്ധതികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1791** | **08-06-2018**-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്ന പദ്ധതികൾക്ക് ഫണ്ട് ഡിപ്പോസിറ്റ് ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | 2017-18 സാമ്പത്തിക വർഷം LAC-ADS നിർമ്മാണ പ്രവൃത്തികളുടെ ബിൽ/ഡെപ്പോസിറ്റ് വർക്കുകൾക്ക് 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലുപരിയായ അപേക്ഷകൾ ലഭിച്ചിരുന്നതിനാൽ ഇതിലേക്കായി ആവശ്യമുള്ള അധിക തുക ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 36 കോടി രൂപയുള്ള ബില്ല്/ഡെപ്പോസിറ്റ് തുകക്കുള്ള അപേക്ഷ മാറ്റിവക്കേണ്ടി വരുകയും ആയത് നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് വർഷം ബില്ലുകൾ/ഡെപ്പോസിറ്റ് ഫണ്ട് സമയ ബന്ധിതമായി നൽകി വരുന്നുണ്ട്. |
| (ബി) | ഇക്കാരണത്താൽ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവുണ്ടാക്കുകയും പദ്ധതിയുടെ പൂർത്തീകരണത്തിന് തുക അപര്യാപ്തമാകുന്നതുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | | |
| (സി) | പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഫണ്ട് വേഗത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ; വിശദീകരിക്കാമോ? | | |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**